**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **08-12-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനുള്ള പ്രത്യേക സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; സമിതി അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കുമോ?; | (എ) | ഉണ്ട്. 06.10.2022-ലെ സ.ഉ (സാധാ) നം.631/2022/മ.തു.വ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തീരശോഷണം ഉണ്ടാകുന്നുണ്ടോ എന്ന് പഠിക്കുവാൻ താഴെപ്പറയുന്നവർ അംഗങ്ങളായി ഒരു 4 അംഗ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>1.ശ്രീ.എം.ഡി.കുഡാലെ, മുൻ അഡീഷണൽ ഡയറക്ടർ, സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ., പൂന. (ചെയർമാൻ)<br>2.ഡോ.റിജി ജോൺ, മുൻ വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, കൊച്ചി.<br>3.ഡോ.തേജൽ കനിത്കർ, അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് നാച്ചറൽ സയൻസ് & എഞ്ചിനീയറിംഗ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ.<br>4.ഡോ.പി.കെ.ചന്ദ്രമോഹൻ, മുൻ ചീഫ് എഞ്ചിനീയർ, കണ്ട്ല പോർട്ട് ട്രസ്റ്റ്. |
| (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നു എന്ന ആക്ഷേപം സമിതി പഠനവിധേയമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സമിതിയുടെ പഠന വിഷയങ്ങൾ അന്തിമമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് വരികയാണ്. |
| (സി) | സമിതി പഠനവിധേയമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് അറിയിക്കുമോ? | (സി) | സമിതിയുടെ പഠന വിഷയങ്ങൾ അന്തിമമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ